കേരളത്തിന്റെ തെക്കുപടിഞ്ഞാറുള്ള പ്രകൃതിരമണീയമായ ഒരു ഭൂപ്രദേശമാണ് കുട്ടനാട്.
അവിടുത്തെ ഒരു ഗ്രാമമായ ചമ്പക്കുളത്തെ പുരാതന കത്തോലിക്കാകുടുംബമാണ് വല്ലയിൽ തറവാട്.










വല്യമ്മ കുഞ്ഞിനെ ഭക്തി മാർഗ്ഗത്തിൽ വളർത്തി.
മോളേ, നമുക്കു കൊന്ത ചൊല്ലാം. എത്ര കൊന്ത ചെല്ലുന്നോ അത്രയും മാതാവ് നമ്മളെ അനുഗ്രഹിക്കും.
അമ്മേ, നമ്മൊഞ്ഞമറിയം ഞാൻ പഠിച്ചു. അക്കാചങ്ങലിരിക്കുന്ന എന്നെ പഠിപ്പിക്കാമോ ?
അപ്പനും മോളെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു.
അച്ചായൻ ഇന്നലെ ആലപ്പുഴച്ചു പോയതുകൊണ്ട് നമ്മുടെ കൊന്ത മടങ്ങി. ഇന്ന് അതുംകൂടി ചൊല്ലണം.
മോള് മടുത്തില്ലേ?
ഇല്ല, എത്ര കൊന്ത ചൊല്ലിയാലും ഞാൻ മടുക്കൂല്ല.
ചെറുപ്പം മുതലേ ദാനശീലം ഫിലോമിന അഭ്യസിച്ചിരുന്നു.
വേണ്ട മോളെ, പുതിയ ഉടുപ്പല്ലേ. മോളുടെ അമ്മ വഴക്കു പറയും.
ഇല്ല ചേച്ചി, എനിക്ക് വേറെ ഉടുപ്പുണ്ട്. ഇത് മോളെടുത്തു കൊള്ളട്ടെ.


ദീന ശുശ്രൂഷക്ക് പിതാവിന്റെ കൂടെ പോകുന്നത് ഫിലോമിനക്ക് വലിയ ഇഷ്ടമായിരുന്നു.
മോളേ, സൂക്ഷിച്ചു നടക്കണം. ഇന്നല ത്തെപ്പോലെ വീഴല്ലേ..
ന്നാലും അച്ചായൻ എന്നെ കൂടാതെ പോയില്ലേ?
ഒത്തിരി വേദനയുണ്ടോ മറിയേച്ചീ?
മോളെ കാണു മ്പോൾ എന്റെ വേദ നയെല്ലാം പോകും.
അഞ്ചാമത്തെ വയസ്സിൽ ഫിലോമിനയെ എഴുത്തിനിരുത്തി.
തമ്പുരാൻ തുണയ്ക്ക.
വലിയമ്മ മോൾക്ക് വിശുദ്ധരുടെ ചരിത്രം വായിച്ചുകൊടുത്തു.
അമ്മേ, എനിക്കും കൊവേന്ത യിൽ ചേരണം. ചാണ്ടിഅച്ചനെ പോലെ ഞാനും അച്ചനാകും.
ഇതിനെക്കൊണ്ട് ഞാൻ തോറ്റു. പെൺകുട്ടി കൾക്ക് അച്ചനാകാൻ പറ്റില്ല മോളെ.
വലിയമ്മ ഫിലോമിനയെ അടുത്തിരുത്തി വായിപ്പിക്കുന്നു.
അമ്മത്രേസ്യായെപ്പോലെ ഞാനും കന്യാസ്ത്രീ ആകും. മഠ ങ്ങൾ സ്ഥാപിക്കും. കാപ്പിരി നാട്ടി ൽപോയി രക്തസാക്ഷിയുമാകും.
ബഹു. കട്ടക്കയം ചാണ്ടിയച്ചൻ (TOCD) വല്ലയിൽ വന്നപ്പോൾ..
മിടുക്കി, ഞാൻ കഴിഞ്ഞ ദിവസം പറ ഞ്ഞുതന്ന പ്രാർത്ഥന പഠിച്ചല്ലോ. അത് ദിവ സവും ചൊല്ലണം കെട്ടോ.
വല്യമ്മച്ചി ഒരു പാട്ടും പഠിപ്പിച്ചു. ഞാനതും പാടാം.




കോട്ടയം വികാരി അപ്പോസ്റ്റലിക്കാ ബഹു. ചാൾസ് ലവീഞ്ഞ് മെത്രാൻ 1186ൽ ചമ്പക്കുളം കലൂർക്കാട് പള്ളിയിൽ വന്നു.
മിടുക്കി, നീ വലിയ കാര്യങ്ങൾ ചെയ്യും.
ഞാൻ കണ്ടപ്പോഴേക്കും അവൾ പിതാവിന്റെ അടുത്തെത്തി. വല്ല വികൃതിയും...
ഓ, ഒന്നുമില്ല. അവൾക്കു നമസ്കാരങ്ങൾ എല്ലാം അറിയാം. വി. കുർബാന സ്വീകരിച്ചുകൊള്ളട്ടെ.



സുന്ദരിയും സുശീലയുമായ ഫിലോമിന എല്ലാവരുടേയും കണ്ണിലുണ്ണിയായി വളർന്നു. വിവാഹാലോചനകൾ പലതും വന്നു.
കുട്ടിയുടെ പേരെന്താ?
ഫിലോമിന
ഞങ്ങൾക്ക് പെണ്ണിനെ ഇഷ്ടമായി. നിങ്ങൾ എന്നാണ് അങ്ങോട്ടു വരുന്നത്?
ഞാൻ അറിയിക്കാം.
അച്ചായാ, എന്നെ കല്യാണം കഴിപ്പിക്കല്ലേ. എനിക്ക് മഠത്തിൽ പോകണം.
ആ കാര്യം മാത്രം എന്റെ മോള് പറയണ്ട. ആകെ ഒരു മകളുള്ളതാ. നല്ല ചെറുക്കൻ മോളിതിനു സമ്മതിക്കണം.


ഫിലോമിനയുടെ എതിർപ്പുകൾ വകവെക്കാതെ പൂവത്തുപുത്തൻപുരക്കൽ
തോമസുമായുള്ള അവളുടെ വിവാഹം നടത്തി.
ആ ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ ആദ്യത്തെ സൂനം ഏതാനും ദിവസങ്ങൾക്കം മരിച്ചു.
ഫിലോമിനാ നീ ഇങ്ങനെ കരയല്ലേ.
എന്നാലും ദൈവം നമ്മുടെ മോനെ ഇത്ര വേഗം വിളിച്ചുകൊണ്ടു പോയല്ലോ.
ഫിലോമിന വീണ്ടും ഒരു കുഞ്ഞിന് ജന്മം നൽകി.
ദേ മോള് നിങ്ങളെ നോക്കി ചിരിക്കുന്നു.


അപ്പനും മോളുംകൂടി കളിച്ചുകൊണ്ടിരിക്കുകയാ. നമുക്ക് ചമ്പക്കുളത്തിന് പോകണ്ടേ?
ഇതാ ഞാൻ റെഡി. ഉടനെ പോകാം.
ഫിലോമിന, വേഗമാകട്ടെ, നമുക്ക് പോകണ്ടേ?
ഞാൻ ഇന്നു പോരുന്നില്ല.
മോളെ, നീ ഒരിക്കലും ഇങ്ങ നെ പറഞ്ഞിട്ടില്ലല്ലോ.
അന്ന് രാത്രി ഫിലോമിനയുടെ അപ്പൻ മരിച്ചു.
RIP



ഏറെ താമസിയാതെ ഫിലോമിനയുടെ ഭർത്താവും മരിച്ചു.
അച്ചായൻ പോയല്ലോ. എന്റെ മോളേ...
ഫിലോമിനയുടെ അമ്മ അവരെ കൂട്ടാൻ വന്നു.
ചേടത്തീ, ഞാൻ മോളെയും കുഞ്ഞിനേയും കൊണ്ടുപോവുകയാ.
വേണ്ട, ഞാൻ അവരെ നോക്കിക്കൊള്ളാം.
അവരുടെ കാര്യം അവളുടെ ആങ്ങളമാർ നോക്കട്ടെ.
ഫിലോമിന ഭർത്താവിന്റെ ഭവനത്തോട് യാത്ര പറഞ്ഞിറങ്ങി.
അമ്മേ...
മോളേ...
ഫിലോമിന സ്വഭവനത്തിൽ തിരിച്ചെത്തി പ്രാർത്ഥനയിലും ഭക്താനുഷ്ഠാനങ്ങളിലും മുഴുകി. രണ്ടാമതൊരു വിവാഹത്തിന് വീട്ടുകാർ നിർബന്ധിച്ചു.
അമ്മേ, ഇവളോട് കല്യാണത്തിന് സമ്മതിക്കാൻ പറയൂ. ഇനിയും താമസിച്ചാൽ..
നിങ്ങളാരും വിഷമിക്കണ്ട. ദൈവം ഒരു വഴി കാണിച്ചു തരും.
ഔസേപ്പച്ചനും അവറാച്ചനും പണ്ടേ കൈവിട്ടു. ചാക്കോച്ചനും മടുത്തു. നീ ഒന്ന് സമ്മതിക്കു മോളെ.



മാതാവ് തന്നെ ഒരു വൈദികനെ ഏല്പിക്കുന്നതായി അവൾ ഒരു സ്വപ്നത്തിൽ കണ്ടു.
ദൈവമേ, ഞാൻ സ്വപ്നത്തിൽ കണ്ട വൈദികനാണല്ലോ ഇത്!
അച്ചാ, എനിക്കൊന്നു കുമ്പസാരിക്കണം.
വരൂ...
ഫിലോമിന തന്റെ അവസ്ഥയും ആഗ്രഹവും പങ്കുവച്ചു.
ഞാൻ റോമിൽമുതൽ ആഗ്രഹിച്ചതാണ്. വി. ഷന്താൾ വി. സാലസിന്റെ അടുത്തുവന്നതുപോലെയാണ് ഇവൾ എന്റെ അടുത്തു വന്നിരിക്കുന്നത്.



നിന്റെ ആഗ്രഹം സഫലമാകാൻ പ്രാർത്ഥിക്കുക. വി. ക്ലാര വി. ഫ്രാൻസിസിന്റെ അടുത്തു ചെന്നതുപോലെയും, വി. ഷന്താൾ വി. സാലസിന്റെ അടുത്തു ചെന്നതുപോലെയുമാണ് നീ എന്റെ അടുത്തുവന്നിരിക്കുന്നത്. നീ ഒരു ഷന്താളും ഞാൻ ഒരു സാലസും ആയിത്തീരാൻ നമുക്കു പ്രാർത്ഥിക്കാം.
ഏതാനും ദിവസങ്ങൾ കഴിഞ്ഞ് ഒരു സ്ത്രീ ബ. തോമ്മാച്ചനെ കാണാൻ വന്നു.
അച്ചാ, ഞാൻ വല്ലയിൽ ഫിലോമിനയുടെ അമ്മയാണ്. അവൾ ഭക്ഷണം കഴിക്കില്ല. നെല്ലുമുറിയിൽ ഇരുന്ന് പ്രാർത്ഥനയാണ്. അവൾ ആകെ അവശയായി.
നെല്ല് മുറിയിൽ ദീർഘ സമയം ചിലവഴിക്കുന്നത് ആരോഗ്യകരമല്ല. ഞാൻ അവളോട് സംസാരിക്കാം.
അച്ചൻ ഫിലോമിനയുടെ വീട്ടിൽ
നെല്ല് കൂട്ടിയിട്ടിരിക്കുന്ന മുറിയിൽ അധിക സമയം ചിലവഴിക്കുന്നത് ആരോഗ്യം നശിപ്പിക്കും. പുറത്തിറങ്ങി നടക്കണം. ആരോഗ്യം മെച്ചപ്പെടുന്നതുവരെ പള്ളിയിലും വരണ്ട.
അച്ചൻ പറയുന്നതുപോലെ ഞാൻ ചെയ്തുകൊള്ളാം.
ധ്യാനവും മറ്റു പ്രാർത്ഥനകളും ചേർത്ത് ഞാനൊരു ദിനചര്യ തയ്യാറാക്കിതരാം.


നിന്റെ കെട്ട്യോൻ ചത്തു. എന്റെ ഭർത്താവിനെ വശീകരിക്കാൻ അല്ലേടീ നീ ഇതൊക്കെ ചെയ്യുന്നത്?
ചേടത്തി എത്ര ബുദ്ധിമുട്ടിയാണ് ഞാനിതു ചെയ്യുന്നത്... ഈ കൊച്ചിനെ ഒന്നു പറഞ്ഞു വിടുമോ?
മോളെ, കുറച്ച് അരിയും പച്ച ക്കറിയും.
നിനക്ക് കേട്ടതു കൊണ്ടൊന്നും മതി യായില്ലേ. മോളെ?
അവർക്ക് വീട്ടിൽ ഒന്നും ഇല്ലമ്മേ.
ചേച്ചി വിഷമിക്കല്ലേ. എന്റെ അമ്മയുടെ സ്വഭാവം അങ്ങനെയാ. ചേച്ചി വീട്ടിൽ വന്നു തുടങ്ങിയതിൽപ്പിന്നെ അച്ചായന് ഒത്തിരി ആശ്വാസം ഉണ്ട്.



അമ്മെ, ഇവളോട് കല്യാണത്തിന് സമ്മതിക്കാൻ പറയുക. ഇനിയും താമസിച്ചാൽ....
മോളെ, നീ സമ്മതിക്ക്. എല്ലാവരും എന്നെയാ കുറ്റപ്പെടുത്തുന്നത്.
നീ സമ്മതിക്കില്ലെങ്കിൽ എവിടെയാണെന്നാ പൊയ്ക്കോണം.
അമ്മേ, അച്ചായാ, വീണ്ടും ഒരു വിവാഹത്തിന് എന്നെ നിർബന്ധിക്കരുത്. ദൈവം ഒരു വഴി കാണിച്ചു തരും.
ഫിലോമിന, വീട്ടിൽ എങ്ങനെ പോകുന്നു?
ഒരു പ്രശ്നവും ഇല്ലച്ചാ.
ഇന്നലത്തെ കാര്യം ഇത്ര വേഗം മറന്നോ? ഇനി വീട്ടിൽ തുടരേണ്ട. ചങ്ങനാശേരി ക്ലാര മഠത്തിലേക്ക് നാളെ 3 മണിക്ക് വരണം.
ഉവ്വ് അച്ചാ.


അമ്മ എവിടെ പോവുകയാ? ഞാനും വരും.
എന്റെ മോള് പോയി രണ്ടു പ്ലാവില എടുത്തു കൊണ്ടുവരാമോ?
21 ജനുവരി 1903, ഫിലോമിന ചങ്ങനാശേരി ക്ലാര മഠത്തിൽ എത്തി.
ബ. കുര്യാളശേരി അച്ചൻ അവിടെ അവളെ കാത്തു നിന്നിരുന്നു.
ഞങ്ങൾ എല്ലാം നോക്കി ക്കൊള്ളാം.
ഏറെ കരഞ്ഞതല്ലേ? എല്ലാം ഈശോയ്ക്കുവേണ്ടി. മദറേ, ഇവൾക്ക് ആവശ്യമുള്ള തെല്ലാം ചെയ്തുകൊടുക്കണേ. വേണ്ടിവരുന്ന പണം ഞാൻ തന്നുകൊള്ളാം.
തിങ്കളാഴ്ച മുതൽ ഫിലോമിന കൊച്ചുകുട്ടിക ളുടെ കൂടെ I STD ൽ പഠനം ആരംഭിച്ചു.
ദേ ഒരു വലിയ ചേടത്തി !



ഫിലോമിനയുടെ സത്സ്വഭാവവും ആദ്ധ്യാത്മിക തീക്ഷ്ണതയും മനസ്സിലാക്കിയ സിസ്റ്റേഴ്സ് അവളെ ക്ലാര മഠത്തിൽ ചേർക്കാൻ ആഗ്രഹിച്ചു. വിവരമറിഞ്ഞ ബ. തോമ്മാച്ചൻ അവളെ പഠനം തുടരുന്നതിനായി മുത്തോലിയിലേക്ക് അയച്ചു.
മദർ എനിക്കു നിങ്ങളെ പിരിഞ്ഞുപോകാൻ വിഷമം ഉണ്ട്. ഒരു വർഷം നിങ്ങളുടെ സ്നേഹ സംരക്ഷണയിൽ.
നീ പോകുന്നതിൽ ഞങ്ങൾക്കും ദുഃഖമുണ്ട്. മോള് ഞങ്ങൾക്കെല്ലാം ഒരു പ്രചോദനമായിരുന്നു.
വളരെ ക്ലേശകരമായ യാത്രയ്ക്കുശേഷം ഫിലോമിന മുത്തോലിയിലെത്തി.
ഇവിടെ കുശിനിയിൽ ആളെ ആവശ്യമില്ല. വേഗം സ്ഥലം വിട്ടോ.
മദറിന് ഈ കത്ത് ഒന്നു കൊടുക്കാമോ?
ഓ! പിതാവ് പറഞ്ഞയച്ചതാണല്ലേ. അകത്തേക്കു വരൂ.
സന്യാസ സഭാസ്ഥാപനം മുന്നിൽ കണ്ടുകൊണ്ട് കുറച്ചു കുട്ടികളെക്കൂടി പഠിപ്പിച്ചെടുക്കുന്നതിന് ബ. തോമ്മാച്ചൻ ഫിലോമിനയോട് പറഞ്ഞു.
(ഫിലോമിന ഒരു വീട്ടിൽ)
ചേടത്തീ, ഇവിടെ ഒരു മോളുണ്ടല്ലോ. അവളെ പഠിപ്പിക്കാൻ മുത്തോലിക്ക് കൊണ്ടു പോകട്ടെ.
അവളാ മണ്ണിൽ കളിച്ചുകൊണ്ട് നടപ്പുണ്ട്.
ഈ പെൺപിള്ളേരെ പഠിപ്പിച്ചിട്ട് എന്നാ കിട്ടാനാ? അവർ വല്ല കഞ്ഞിവെക്കാനും പഠിച്ചാൽ പോരെ?


1904 – 1907 വർഷങ്ങളിൽ, വർഷാരംഭത്തിൽ കുട്ടികളെയുംകൊണ്ട് മുത്തോലിക്കും സ്കൂൾ അട
ക്കുമ്പോൾ ചമ്പക്കുളത്തിനും ഫിലോമിന യാത്രചെയ്തു. ഒരിക്കൽ അതിരമ്പുഴ വണ്ടിപ്പേട്ടയിൽവച്ച്
കള്ളന്മാർ അടുത്തുകൂടി.
എടോ, ശങ്കരപിള്ളേ, കൃഷ്ണപിള്ളേ, ഇതാ അവർ എത്തിക്കഴിഞ്ഞു. വേഗം പിടിച്ചോ.
നമുക്ക് ഓടാം. ഇവർ കുറെ പേരുണ്ട്.
ഫിലോമിന തന്റെ ഉത്തരവാദിത്തത്തിലുള്ള കുട്ടികളെ അച്ചടക്കത്തിലും
ഭക്താഭ്യാസങ്ങളിലും വളർത്തി.
ഫിലോമിന വന്നപ്പോൾ 10 കുട്ടികളെ കൊണ്ടുവന്നു.
പത്രോസിന്റെ വലയിൽ ഇത്രയും കുട്ടികളുണ്ടോ?
ഒരമ്മയെപ്പോലെ അവൾ ഓരോ കുട്ടിയേയും ശ്രദ്ധിക്കുന്നു.
മോളേ, എഴുന്നേൽക്കൂ, എന്തു പറ്റി? പരീക്ഷ എഴുതേണ്ടേ?
ആ കുഞ്ഞു തലകറങ്ങി വീണതുകൊണ്ട് എനിക്ക് പരീക്ഷ എഴുതാൻ സാധിച്ചില്ല.
സമയം കഴിഞ്ഞുപോയി ഇനി തോല്കുകയല്ലാതെ വേറെ മാർഗമില്ല.


1908 ആയപ്പോഴേക്കും കുട്ടികളുടെ എണ്ണം കൂടി. യാത്ര ചിലവും താമസ ചിലവും വർദ്ധിച്ചു. എടത്വായിൽ തോമ്മാച്ചൻ തുടങ്ങിയ സ്കൂളിൽ ചേർന്ന് പഠിക്കാൻ ഫിലോമിന ആഗ്രഹിച്ചു. അവൾ മാക്കിൽ പിതാവിനെ കണ്ടു.





1908 ജനുവരി 29, കുര്യാളശ്ശേരി തോമ്മാച്ചൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കാലിത്തൊഴുത്ത് വെഞ്ചിരിച്ചു. അവർ അവിടെ താമസം തുടങ്ങി.
ഫിലോമിന, ഇവിടെയാണ് നിങ്ങൾ താമസിക്കുന്നത്
അച്ചൻ വിഷമിക്കേണ്ട. കാലിത്തൊഴുത്തിൽ പിറന്നവന്റെ മണവാട്ടികൾക്കു കാലിത്തൊഴുത്തു മതി.
കൊള്ളാം. നല്ല ആശയം. കുറെക്കൂടെ സൗകര്യമുള്ള സ്ഥലം ഞാൻ കണ്ടുപിടിക്കാൻ നോക്കാം.
12 ദിവസങ്ങൾ കഴിഞ്ഞ് അവർ പീഠികയിൽ കുര്യൻ വർക്കിയുടെ വള്ളപ്പുരയിലേക്ക് താമസം മാറ്റി.
മഹത്തായ ഒരു കാര്യത്തിനുവേണ്ടി വിളിക്കപ്പെട്ടവരാണ് നിങ്ങൾ. സ്വർഗ്ഗത്തിൽ മാലാഖമാർ ദൈവത്തെ ആരാധിക്കുന്നതുപോലെ നിങ്ങൾ ദിവ്യകാരുണ്യ ഈശോയെ ആരാധിക്കണം.
ഫിലോമിനയും കുട്ടികളും ഏറെ സമയം പ്രാർത്ഥനയിൽ ചിലവഴിച്ചു.


സമയം കിട്ടിയപ്പോഴെല്ലാം അവർ പാവപ്പെട്ടവരേയും രോഗികളെയും സന്ദർശിച്ചു.
പനി എങ്ങനെയുണ്ട്?
ഞങ്ങൾ കുറച്ച് അരിയും മറ്റും കൊണ്ടുവന്നിട്ടുണ്ട്. അധികമില്ല ചേച്ചി.
കുറവുണ്ട് മക്കളെ.
വളരെ ഉപകാരം. നിങ്ങൾ എത്ര കഷ്ടപ്പെട്ടാണ് ജീവിക്കുന്നത്; എന്നിട്ടും... നന്ദി മോളെ.
കുട്ടികളുടെ എണ്ണം വർദ്ധിച്ചെങ്കിലും താമസ സൗകര്യം കുറവായിരുന്നു. അവിടെ സൂക്ഷിച്ചിരുന്ന വാർപ്പിലും ചെമ്പിലും ഒക്കെ കുട്ടികൾ കിടന്നുറങ്ങി. ആരാധനാ സഭാ സ്ഥാപനത്തിന് പ്രതിസന്ധികൾ പലതുണ്ടായിരുന്നു. (മാക്കിൽ പിതാവും ബ. കുര്യാളശേരിയിലച്ചനും സംസാരിക്കുന്നു.)
തോമ്മാച്ചൻ ഈ കാര്യം മാത്രം ഞാൻ പല പ്രാവശ്യം വരുന്നതെന്താ? ആ കുട്ടികളെ ഒരു സഭയിൽ ചേർക്കുക. ഇനിയും ഒരു സഭ കൂടി തുടങ്ങണമോ?
പിതാവേ, ക്ഷമിക്കണം. ദിവ്യകാരുണ്യ ആരാധനയ്ക്കായി ഒരു സമൂഹം വേണമെന്നാണ് എന്റെ ആഗ്രഹം.
സുദീർഘമായ കാത്തിരിപ്പിനുശേഷം ആറു പേർക്ക് ശിരോവസ്ത്രം നൽകുന്നതിന് മാക്കിൽ പിതാവ് അനുവദിച്ചു. 1908 ഡിസംബർ 8ന് ഫിലോമിനക്കും മറ്റു അഞ്ചുപേർക്കും എടത്വാ പള്ളിയിൽവച്ച് ശിരോവസ്ത്രം നൽകി.
ഫിലോമിന, നിന്റെ പേര് മേരി ഫ്രാൻസിസ്ക ഡി ഷന്താൾ എന്നായിരിക്കും.



1909 ഫെബ്രുവരി 20. ചമ്പക്കുളത്ത് ഒരു ഷെഡ്ഡുണ്ടാക്കി. 1 മുതൽ 6 വരെ ക്ലാസുകൾ ആരംഭിച്ചു. ഷന്താൾ വീടുകൾ കയറി ഇറങ്ങി കുട്ടികളെ സ്കൂളിൽ ചേർത്തു.
(ഫിലോമിന ഒരു വീട്ടിൽ)
മക്കളെ, നിങ്ങൾ വരുന്നോ? സ്കൂളിൽ ചേർത്തു പഠിപ്പിക്കാം.
പഠിക്കാനോ? പഠിക്കുന്നത് എന്തിനാ ?
അതൊക്കെ പിന്നീട് മനസ്സിലാകും. വരൂ, നമുക്ക് വീട്ടിൽ ചോദിക്കാം.
നാളെ മിച്ചൽ സായിപ്പു വരും. ഈ ഓല ഷെഡ്ഡിലുള്ള സ്കൂളിന് അംഗീകാരം ലഭിക്കുമോ?
നമുക്ക് പ്രാർത്ഥിക്കാം. ദിവ്യകാരുണ്യ ഈശോ നമ്മളെ കൈവിടില്ല.
നാളെ സ്കൂളിന് അംഗീകാരം കിട്ടാനായി നമുക്ക് കൊന്ത ചൊല്ലി പ്രാർത്ഥിക്കാം.


Sir, that is the building under construction for the school
Good father, these sisters are doing a good job. Well disciplined students and teachers. I am very happy about the school.
സ്കൂളിന് അംഗീകാരം ലഭിച്ചു. 130 കുട്ടികളും 9 അധ്യാപകരും ഉള്ള സ്കൂൾ നടത്തിക്കൊണ്ടുപോകാൻ നല്ലൊരു തുക വേണ്ടിയിരുന്നു. അതിനുള്ള സഹായം ചമ്പക്കുളം – കല്ലൂർകാട് പള്ളിയിൽനിന്ന് ലഭിക്കുന്നതിന് മാക്കിൽ പിതാവിന്റെ കല്പനതന്നെ വേണ്ടിവന്നു.
പെൺകുട്ടികളുടെ സ്കൂളിന് ധനസഹായം ചെയ്യാൻ പിതാവു പറയുന്നു.
അംഗീകാരം പിൻവലിപ്പിക്കാൻ കുറെ പരാതിയും കൊടുക്കാം.
അധികാരികൾക്ക് ആ സ്കൂളിനോട് വലിയ മതിപ്പാണ്.
ശരിക്കും അന്വേഷിക്കാതെ ഇതു ചെയ്യണ്ട.
നമ്മൾ എന്തിനു സഹായിക്കുന്നു ?
ആ സ്കൂൾ നല്ല നിലയിൽ മുന്നോട്ടുപോയി.
ഇന്നലെ ആ സിസ്റ്റർ ഷന്താൾ വന്നിരുന്നു. ഏഴാം ക്ലാസിനുകൂടെ അംഗീകാരത്തിന്.
അവരൊരമ്മയാണ്. അവരാണ് ധീരവനിത.
അവരെ സമ്മതിക്കണം. എന്തൊരു വിനയവും ധൈര്യവും.
മിച്ചൽ സായിപ്പിന് അവരെ വലിയ ബഹുമാനമാണ്.



Sir, an application asking to withdraw the approval of the girls' school in Champakulam
Some jealous fellow must be done it. I visited the school. One of the best schools I have seen.
ഓർശലെം പള്ളിക്കു സമീപം ഒരു മഠം പണിയാൻ ബ. തോമ്മാച്ചൻ നിശ്ചയിച്ചു.
നമുക്ക് ഇവിടെ ഒരു മഠം നിർമ്മിക്കാം.
ആരാധനാ സഭയുടെ ആദ്യത്തെ ഭവനം! 2 വർഷം കൊണ്ട് ദൈവം ഒത്തിരി അനുഗ്രഹിച്ചു.
1910 ഒക്ടോബർ 17ന് ബ. തോമ്മാച്ചൻ പുതിയ ഭവനം ആശിർവദിച്ചു.



1911 ഒക്ടോബർ 13. ചങ്ങനാശേരി വികാരിയാത്ത് കോട്ടയം, ചങ്ങനാശേരി എന്നിങ്ങനെ രണ്ടായി വിഭജിച്ചു.
ചങ്ങനാശേരി രൂപതയുടെ വികാർ അപ്പസ്തോലിക്ക ആയി ബ. തോമ്മാച്ചൻ നിയമിതനായിരിക്കുന്നു.
നമ്മുടെ അച്ചനോ? ദൈവത്തിനു സ്തുതി.
വരൂ, നമുക്ക് ദിവ്യകാരുണ്യ ഈശോയ്ക്ക് നന്ദി പറയാം.
ദൈവമേ, ഞങ്ങൾ അങ്ങേ വാഴ്ത്തുന്നു സ്തുതിക്കുന്നു.
ഞാൻ മെത്രാഭിഷേകത്തിനായി പോവുകയാണ്. നേരത്തെ പറഞ്ഞ അഞ്ചുപേര് 10 ദിവസത്തെ ധ്യാനം കഴിച്ചു ഒരുങ്ങിയിരിക്കണം. ഞാൻ തിരിച്ചുവരുമ്പോൾ അവർക്കു സഭാവസ്ത്രം സ്വീകരിക്കാം.
പിതാവേ, അങ്ങ് ഞങ്ങളെ അനുഗ്രഹിക്കണമേ.


സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.
സന്തോഷമായിരിക്കുക. എനിക്കുവേണ്ടിയും പ്രാർത്ഥിക്കണം.
ഞങ്ങൾ പ്രാർത്ഥിക്കാം പിതാവേ..
1911 ഡിസംബർ 10. ആരാധനാസഭയിലെ ആദ്യ അംഗങ്ങളുടെ സഭാവസ്ത്ര സ്വീകരണം. (കുര്യാളശേരി പിതാവിന്റെ ആദ്യത്തെ ഔദ്യോഗിക ചടങ്ങ്.)


എനിക്കു ചങ്ങനാശ്ശേരിക്കു പോകണം. ഇനി ആരാധനാ സഭയാകുന്ന ശിശുവിനെ നീ ശുശ്രൂഷിച്ചു വളർത്തണം.
എനിക്കതിനു കഴിവുണ്ടോ പിതാവേ?
ചങ്ങനാശേരിക്കു പോകുന്നതിനുമുമ്പ് പിതാവ് സഭാസമൂഹത്തെ പരിശുദ്ധ അമ്മയ്ക്ക് സമർപ്പിച്ചു.
എന്റെ മക്കളേ, ഇതാ നിങ്ങളുടെ അമ്മ.
രൂപതയുടെ ഉത്തരവാദിത്വം വഹിക്കാൻ ഞാൻ ചങ്ങനാശേരിക്കു പോവുകയാണ്. നിങ്ങൾ എനിക്കുവേണ്ടിയും പ്രാർത്ഥിക്കണം.
ഉവ്വ് പിതാവേ.


സന്യാസ പരിശീലനം
നൽകുന്നതിന് രണ്ട് CMC സിസ്റ്റേ
ഴ്സ് വരുന്നുണ്ട്. ഷന്താൾ ചങ്ങനാ
ശേരി ക്ലാരമഠത്തിലേക്കു പോവുക.
നീ അവരുടെ സ്കൂളിന്റെ
കാര്യവും നോക്കണം.
ധാരാളം പെൺകുട്ടികൾ
മഠത്തിൽ പഠിക്കാൻ വരു
ന്നുണ്ടല്ലോ. പണികൾ
എങ്ങനെ പോകുന്നു?
നിനക്കു പ്രാർത്ഥിക്കാൻ
സമയം കിട്ടുന്നുണ്ടോ?
രാത്രിയുണ്ടല്ലോ
പ്രാർത്ഥിക്കാൻ.
തുരുത്തി മഠം പണി
തീർന്നു. സ്കൂളും
തീരാറായി.
1916 മാർച്ച് 18. നാലുപേര് പാറേൽ പള്ളി
യിൽവച്ചു നിത്യവ്രതംചെയ്തു.
1916 ഓഗസ്റ്റ് 21. സിസ്റ്റർ ഷന്താൾ അരമന
ചാപ്പലിൽവച്ചു നിത്യവ്രതംചെയ്തു.



അംഗീകാരം ലഭിക്കുന്നതിനായി സിസ്റ്റർ ഷന്താൾ ഓഫീസുകൾ കയറി ഇറങ്ങി.
എന്താണ് ഈ അപേക്ഷ? എത്ര സ്കൂളുകളായി?
ചമ്പക്കുളം, ചങ്ങനാശേരി, തുരുത്തി, കായൽപുറം, മണിയംകുന്ന് ഈ അപേക്ഷകൾ മല്ലപ്പള്ളിക്കും വാഴപ്പള്ളിക്കും വേണ്ടിയുള്ളതാണ്.
വല്യമ്മ എങ്ങിനെയാണ് ഇതെല്ലാം നടത്തിക്കൊണ്ട് പോകുന്നത്?
അടുത്ത ആഴ്ച വരൂ. ഞാൻ അനുമതി തന്നുകൊണ്ടുള്ള പേപ്പേഴ്സ് തരാം.
ഒത്തിരി നന്ദി സാറെ.
തിരുവനന്തപുരത്തുനിന്നും മല്ലപ്പള്ളിക്ക് പോകുന്ന വഴി, മാമൂട്ടിൽ വച്ച് കള്ളന്മാർ അടുത്തുകൂടി.
നിർത്തടാ വണ്ടി.
കന്യാസ്ത്രി അമ്മമാരാ ഇതിനകത്ത്.
ക്ഷമിക്കണേ.





1925ൽ ബ. കുര്യാളശേരി പിതാവ് റിപ്പോർട്ട് സമർപ്പിക്കുന്നതിനും വി. കൊച്ചുത്രേസ്യയുടെയും വി. ജോൺ വിയാനിയുടെയും നാമകരണ ചടങ്ങിൽ പങ്കെടുക്കുന്നതിനായും റോമിലേക്കു പോയി.







1925 ജൂൺ 2ന് ബ. കുര്യാളശേരി പിതാവ് റോമിൽവച്ച് നിര്യാതനായി.
ഞാൻ എവിടെ പോയാലും എന്തു ചെയ്താലും എന്റെ പിതാവിന്റെ സഹായവും താങ്ങും ഉണ്ടായിരുന്നു. ഇനി എന്ത്?
മകളെ, നിന്റെ പ്രാർത്ഥനകൾക്ക് ഫലമുണ്ടാകും. ആരാധനസഭ വളരും. പക്ഷെ നീ വലിയ സഹനത്തിലൂടെ കടന്നുപോകും...
പ്രാർത്ഥനയിൽ മുഴുകിയിരുന്ന ഷന്താൾ ഒരു അശരീരി കേട്ടു.
പിതാവിന്റെ അകാല ചരമം ആരാധനാ സമൂഹത്തിന് വലിയ പ്രതിസന്ധികൾ ഉണ്ടാക്കി.
പിതാവ് നമ്മളെ വിട്ടു പോയി. ഇനി നമ്മൾ എന്തുചെയ്യും?
ദിവ്യകാരുണ്യ ഈശോ നമ്മെ കൈവിടില്ല.
ബ. കണ്ടത്തിപ്പറമ്പിൽ അച്ചൻ സിസ്റ്റേഴ്സിനെ സന്ദർശിച്ചു.
നിങ്ങൾക്ക് സുഖമാണോ?
എന്തു സുഖം അച്ചാ? പിതാവ് പോയില്ലേ. ഇനി ഞങ്ങൾ എങ്ങനെ ജീവിക്കും.? വീടുകൾ കയറി....
ഞാൻ തെണ്ടിയാലും നിങ്ങളെ അതിനു വിടില്ല.


1927 ചില തെറ്റിദ്ധാരണയുടെ പുറത്ത് അക്കാലത്തെ പതിവനുസരിച്ച് ഷന്താളമ്മയെ കൂദാശകൾ സ്വീകരിക്കുന്നതിൽനിന്നും മുടക്കി. ഏകാന്ത ജീവിതം നയിക്കുന്നതിനായി അമ്മയെ എടത്വാക്ക് അയച്ചു. ഷന്താളമ്മ 7 വർഷം പ്രാർത്ഥനയിലും ഏകാന്തതയിലും കഴിച്ചു.
ഇതാണോ അങ്ങ് പറഞ്ഞ ഞെരുക്കത്തിന്റെ ദിനങ്ങൾ ?
നാഥാ, എല്ലാം അവിടുത്തെ ഉപരി മഹത്ത്വത്തിനുവേണ്ടി. എന്നെ അങ്ങ് ശക്തിപ്പെടുത്തണമേ.
അമ്മ കൂടല്ലൂർ മഠത്തിലായിരുന്നപ്പോൾ പുതുക്രിസ്ത്യാനി കുട്ടികളെ പഠിപ്പിക്കുന്നതിനും അവർക്കു നല്ല കാര്യങ്ങൾ പറഞ്ഞു കൊടുക്കുന്നതിനം അമ്മ സമയം കണ്ടെത്തി.
നിങ്ങൾ ഇങ്ങനെ കളിച്ചു നടന്നാൽ പോരാ.
അമ്മ സ്നേഹിക്കുന്നതുപോലെ ഈശോയും ഞങ്ങളെ സ്നേഹിക്കുമോ?
അമ്മ ഞങ്ങളെ എഴുതാനും വായിക്കാനും പഠിപ്പിക്കുമോ?
ഉവ്വ് മക്കളെ.
ദിവസവും രാവിലെ വരണം. ഞാൻ അക്ഷരങ്ങൾ പഠിപ്പിക്കാം.
അമ്മ കുറച്ചു സമയത്തേക്ക് മാറിപ്പോയി. രണ്ടു കുട്ടികൾ തമ്മിൽ വഴക്കായി.
എന്താ മക്കളെ? ആരെയാ മക്കളെ ഇടിച്ചു പഞ്ഞിയാക്കുന്നത്? എന്നെയാണോ?
ഇല്ല അമ്മേ.
അമ്മ ഞങ്ങൾക്കു ദൈവത്തെപോലെ അല്ലേ?
എന്നാൽ നിങ്ങളും വഴക്കുണ്ടാക്കരുത്.




1968 മാർച്ച് 18. S.A.B.S. ആദ്യ അംഗങ്ങളുടെ സുവർണ്ണ ജൂബിലി ആഘോഷിച്ചു.







1972 മെയ് 25ന് ഷന്താളമ്മയെ സ്വീകരിക്കുന്നതിന് സ്വർഗ്ഗീയ വാതിലുകൾ തുറക്കപ്പെട്ടു.
വലിയ ജനാവലിയുടെ അകമ്പടിയോടെ അതിരമ്പുഴ പള്ളിയിലേക്ക് അമ്മയുടെ മൃതശരീരം കൊണ്ടുപോയി.
അതിരമ്പുഴ മഠം കപ്പേളയിൽ അമ്മയുടെ ശരീരം സംസ്കരിച്ചു. അനേകർ അമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ നേടുന്നു!
IN LOVING MEMORY OF
MOTHER MARY SHANTAL
SABS
RIP

# 2008 – Centenary year of the SABS Congregation.



The Superior Generals and the Provincial |Superior at the Tomb of Mother Chantal.